(ബി) ഇടുക്കി-പെരുതോണി ഡാമുകളിൽ ഓണം, ക്രിസ്തുമസ്, ഇടുക്കി ഫെസ്റ്റ് എന്നീ ഉത്സവസമയങ്ങളിൽമാത്രം നിശ്ചിതദിവസത്തേക്ക് (30 മുതൽ 40 ദിവസംവരെ) വിനോദസഞ്ചാരികൾക്കായി ഫൈഡൽ ടൂറിസം ബോട്ടിംഗ് നടത്തിവരുന്നു.

(സി) അതിസുരക്ഷാ മേഖലയിലുള്ളതും ദേശീയപ്രധാന ഡാമുകളുടെ പട്ടികയിൽ വരുന്നതുമായ ഇടുക്കി ഡാമുകളിലെ ജലാശയത്തിന്റെ സമീപ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ യഥേഷ്ടം ഉള്ളതിനാൽ പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും ജില്ലാഭരണകൂടം ആവശ്യമായ സുരക്ഷയും സംരക്ഷണവും ഏർപ്പെടുത്തുകയും വനംവകുപ്പ് നിയമപരമായി അനുമതി നൽകുകയും ചെയ്താൽ മാസങ്ങളിൽ രണ്ടാം ശനി, ഞായർ എന്നീ ദിവസങ്ങളിൽമാത്രം പ്രസ്തുതകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം

9 (6460) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിന്റെ ഭാഗമായി തൊഴിലാളി യൂണിയനുകളും സർക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പുനഃസംഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാരും കമ്പനിയും ജീവനക്കാരുടെ സംഘടനകളുമായി ഒപ്പു വയ്ക്കുന്നതിനുള്ള ത്രികക്ഷിക്കരാറിന്റെ മാതൃക രണ്ടാംകൈമാറ്റ പദ്ധതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(ബി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ 2013-ലെ രണ്ടാം കൈമാറ്റപദ്ധതിയിലും ത്രികക്ഷിക്കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കൈമാറ്റ പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും കരട് കൈമാറ്റ പദ്ധതിയും ത്രികക്ഷി കരാറും മറ്റ് അനുബന്ധങ്ങളും കെ.എസ്.ഇ.ബി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ജീവനക്കാരുടെ സംഘടനകളിൽനിന്നും ഇവയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച അഭിപ്രായം ആരായുകയും ചെയ്തു. ജീവനക്കാരുടെ സംഘടനകളുമായി ബോർഡുതലത്തിലും വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും പല ഘട്ടങ്ങളിലായി ചർച്ചകളും കൂടിയാലോചനകളും നടത്തുകയുണ്ടായി. കൂടാതെ, ഈ വിഷയത്തെ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ചർച്ചകൾ നടത്തുകയുണ്ടായി. ജീവനക്കാരുടെ സംഘടനകളിൽനിന്നും ലഭിച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് കരട് കൈമാറ്റ ചട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ പല ഘട്ടങ്ങളിലായി വരുത്തിയിട്ടുണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകളുടെ മാതൃകകൂടി പരിഗണിച്ചുമാണ് കെ.എസ്.ഇ.ബി.യുടെ ആസ്തിബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കിക്കൊണ്ട് 2013 ഒക്ടോബർ മാസം 31-ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

കനേഡിയൻ കമ്പനിയുമായുള്ള വൈദ്യുതിക്കരാർ

10 (6461) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിഭ്യമാക്കുന്നതിന് കനേഡിയൻ കമ്പനിയായ ടാൻജോങ്ങുമായി സർക്കാർ എം.ഒ.യു. ഒപ്പിട്ടിരുന്നുവോ ;

(ബി) എങ്കിൽ ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതി പ്രസ്തുത കനേഡിയൻ കമ്പനി വിഭ്യമാക്കിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

സ്വകാര്യ വ്യക്തികളും കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

11 (6462) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികളും കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സർക്കാർ വാങ്ങുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഏതെല്ലാം സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളുമാണ് കേരളത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി വിഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly